# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ
ചോദ്യം നമ്പർ 6226

09.07.2013-ലെ മറുപടിക്ക്

### ജയിൽ അന്തേവാസികളുടെ വിഭവശേഷി പ്രയോജനപ്പെടുത്തുന്നതിന് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സണ്ണി ജോസഫ്<br>ശ്രീ.വർക്കല കഹാർ<br>ശ്രീ.കെ.മുരളീധരൻ<br>ശ്രീ.ലൂഡി ലൂയിസ് | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് ജയിൽ അന്തേവാസികളുടെ വിഭവശേഷി കണ്ടെത്തി പ്രയോജനപ്പെടുത്തുന്നതിന് പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;<br><br>ബി) അന്തേവാസികൾക്ക് എന്തെല്ലാം തൊഴിൽ സാദ്ധ്യതകൾക്കുള്ള മാർഗ്ഗങ്ങളാണ് പദ്ധതിയിൽ ഒരുക്കിയിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം? | എ) യും ബി) യും ശിക്ഷ കഴിഞ്ഞ് പുറത്തേയ്ക്ക് പോകുന്ന തടവുകാർക്ക് പുതിയ ജീവിതം തുടങ്ങുന്നതിന് ഇന്നത്തെ കാലഘട്ടത്തിനനുസൃതമായ തൊഴിൽ പരിശീലന പരിപാടികൾ ആരംഭിച്ചിട്ടുണ്ട്. ഡയറി ഫാം, പന്നി വളർത്തൽ, പൂ കൃഷി, കൂൺ കൃഷി, റബ്ബർ നേഴ്സറി, വെർമി കംപോസ്റ്റ്, തേനീച്ച വളർത്തൽ, സോപ്പ് നിർമ്മാണം, ഫിനോയിൽ നിർമ്മാണം, കാർപെന്ററി, കൊല്ലപ്പണി, കെട്ടിട നിർമ്മാണം, സിമന്റ്കട്ട നിർമ്മാണം, ഇഷ്ടിക നിർമ്മാണം, പേപ്പർ ബാഗ്, കുട നിർമ്മാണം, ജൂവലറി മേക്കിംഗ്, ഗാർമെന്റ് മേക്കിംഗ്, കോഴി വളർത്തൽ, വാണിജ്യാടിസ്ഥാനത്തിൽ ഭക്ഷ്യ ഉൽപന്നങ്ങൾ നിർമ്മിച്ചു വിപണനം ചെയ്യുന്നതിൽ പരിശീലനം നൽകുന്നു. കൂടാതെ ഐ.റ്റി.മിഷൻ, നിർമ്മിതി കേന്ദ്രം, കേരള കാർഷിക കോളേജ്, വിവിധ സന്നദ്ധസംഘടനകൾ എന്നിവ മുഖാന്തിരം തടവുകാർക്ക് തൊഴിലധിഷ്ഠിത ട്രെയിനിംഗും നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ